**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1352** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകളുടെ എണ്ണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** 2026 ജൂൺ മാസം ഒന്നാം തീയതി എത്ര കെ.എസ്.ആർ.ടി.സി. ബസുകളാണ് സർവീസ് നടത്തിയിരുന്നത്; ഇതിൽ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി എന്നീ ബസുകളുടെ എണ്ണം പ്രത്യേകം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2026 ജൂൺ മാസം ഒന്നാം തീയതി ആകെ 4468 കെ.എസ്.ആർ.ടി.സി. ബസുകളാണ് സർവീസ് നടത്തിയിരുന്നത്.

| | | |
|---|---|---|
| എക്സ്പ്രസ് | - | 1 |
| സൂപ്പർ ഫാസ്റ്റ് | - | 295 |
| ഫാസ്റ്റ് പാസഞ്ചർ | - | 992 |
| ഓർഡിനറി | - | 2617 |

**(ബി)** 2026 ജൂൺ മാസം 16-ാം തീയതി മുതൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ ആണ് സർവീസ് നടത്തുന്നത്, ഇതിൽ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി എന്നിവയുടെ എണ്ണം പ്രത്യേകം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2026 ജൂൺ മാസം 16-ാം തീയതി ആകെ 4415 കെ.എസ്.ആർ.ടി.സി. ബസുകൾ ആണ് സർവീസ് നടത്തിയത്.

| | | |
|---|---|---|
| എക്സ്പ്രസ് | - | 2 |
| സൂപ്പർ ഫാസ്റ്റ് | - | 293 |
| ഫാസ്റ്റ് പാസഞ്ചർ | - | 974 |
| ഓർഡിനറി | - | 2601 |

**(സി)** 2026 ജൂൺ ഒന്നാം തീയതിയുമായി താരതമ്യം ചെയ്ത് ജൂൺ 16-ാം തീയതിയിൽ ഓർഡിനറി ബസുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ, എങ്കിൽ കാരണം വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 2026 ജൂൺ 1-ാം തീയതി 2617 ഓർഡിനറി സർവീസുകളും ജൂൺ 16-ാം തീയതി 2601 ഓർഡിനറി സർവീസുകളും ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. സ്കൂൾ / കോളേജ് അധ്യയന വർഷം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടാണ് ജൂൺ 1-ാം തീയതി തിങ്കളാഴ്ച ദിവസം പരമാവധി ഓർഡിനറി സർവീസുകൾ ഓപ്പറേറ്റ് ചെയ്തിട്ടുള്ളതും എന്നാൽ യാത്രക്കാർ താരതമ്യേന കുറഞ്ഞ് വരുന്ന ട്രെൻഡ് നിലവിലുള്ള ചൊവ്വാഴ്ച ദിവസം ഓർഡിനറി സർവീസുകളുടെ എണ്ണത്തിൽ ചെറിയ കുറവുമാണ് വന്നിട്ടുമുള്ളത്.

**സെക്ഷൻ ഓഫീസർ**